**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5764** **08-11-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് തൊഴിലും സ്വാശ്രയത്വവും ഉറപ്പ് നൽകുന്ന വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ഉപജീവനത്തിനായി തൊഴിലും സ്വാശ്രയത്വവും ഉറപ്പ നൽകുന്ന എന്തെല്ലാം വ്യവസായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇവർക്കായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കോവിഡ് മൂലം തൊഴിൽ രഹിതരായ പ്രവാസികൾക്ക് കൂടി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത ഉറപ്പ വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-ൽ പ്രഖ്യാപിച്ച കോവിഡ് -19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻ വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. തിരിച്ചെത്തിയ പ്രവാസികൾക്ക് രണ്ട് വർഷത്തെ വിദേശ തൊഴിൽ പരിചയം ഉണ്ടെന്ന് നോർക്കാ റൂട്ട്സ് സാക്ഷ്യപ്പെടുത്തിയാൽ ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ |

| | | | |
|---|---|---|---|
| | | | കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമ്മാണ മേഖല, എന്നിവ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. കൂടാതെ കോവിഡ് മൂലം മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, പ്രവാസി ഭദ്രതാ എന്ന പേരിൽ ആരംഭിച്ചു. നടപ്പ വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. തിരകെയെത്തിയ പ്രവാസി കേരളിയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. 1. നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത- പേൾ) 2. മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത – മൈക്രോ) 3. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രതാ മെഗാ) |

സെക്ഷൻ ഓഫീസർ